# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ-202 — 04.10.2011-ൽ മറുപടിക്ക്

### കായിക പ്രതിഭകളെ വാർത്തെടുക്കൽ

**ചോദ്യം**

ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. വി. ശശി
ശ്രീമതി ഗീതാ ഗോപി

**മറുപടി**

ശ്രീ. കെ. ബി. ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) വേണ്ടത്ര സാമ്പത്തിക ഭദ്രതയും പരിശീലന സൗകര്യങ്ങളും ലഭിക്കാത്തതിനാൽ കായിക പ്രതിഭകൾക്ക് പൂർണ്ണമായി കഴിവ് പ്രകടിപ്പിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) എങ്കിൽ അത്തരം പ്രതിഭകൾക്ക് പ്രൈമറിസ്കൂൾ തലം മുതൽ സർക്കാർ ചെലവിൽ വിദഗ്ദ്ധ പരിശീലനം ലഭിക്കത്തക്ക വിധം ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(ബി) പ്രൈമറി സ്ക്കൂൾ തലം മുതൽ ഓരോ കുട്ടിയെയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതാത് സ്ക്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുകവഴി കേരളത്തിലെ സ്ക്കൂൾ കുട്ടികളെ കായികക്ഷമതയുള്ളവരാക്കുന്നതും സ്ക്കൂളുകളെ ഒരു കായിക കേന്ദ്ര (സ്പോർട്ടിംഗ് ഹബ്) മാക്കുന്നതും ലക്ഷ്യമാക്കി 'പ്ലേ എ ഗെയിം, പ്ലേ ഫോർ ഫൺ' എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി പ്രകാരം ഒന്നാം തരം മുതൽ 7-ാം തരം വരെയുള്ള എല്ലാ സ്ക്കൂൾ കുട്ടികളെയും സ്വന്തം സ്ക്കൂൾ കോമ്പൗണ്ടിനുള്ളിൽ, പ്രത്യേകമായി അനുവദിക്കപ്പെടുന്ന സമയത്ത് അവരവരുടെ ഇഷ്ടാനുസരണമുള്ള ഏതെങ്കിലും കായിക ഇനം തെരഞ്ഞെടുക്കുവാനും ആയതിൽ ഏർപ്പെടുവാനുമുള്ള അവസരം ലഭ്യമാക്കിക്കൊടുക്കുന്നു. ഇത് കുട്ടികളിൽ കായികാഭിരുചി വളർത്തുവാൻ സഹായകമാകുന്നു. ഇത്തരത്തിൽ വിനോദങ്ങളിലേർപ്പെടുന്ന 7-ാം തരത്തിനു ശേഷമുള്ള കുട്ടികളിൽ നിന്നും കഴിവുറ്റ കുട്ടികളെ കണ്ടെത്തുകയും തുടർന്ന് അവരുടെ അഭിരുചിക്കനുസൃതമായി ശാസ്ത്രീയമായ പരിശീലനം നൽകുകയും ചെയ്യുന്നതാണ്. ഇത്തരത്തിൽ തെരഞ്ഞെടുക്കുന്നതുവരെ യാതൊരു

തരത്തിലുള്ള ചട്ടങ്ങളോ റൂളുകളോ കുട്ടികളിൽ അടിച്ചേല്പിക്കപ്പെടുന്നില്ല. അതിനാൽ അവർക്ക് സ്വതന്ത്രമായി, അഭിരുചിക്കനുസരിച്ച് കളികളിൽ ഏർപ്പെടുവാൻ സാധിക്കുന്നു. ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് പ്രാരംഭ ഘട്ടത്തിൽ സംസ്ഥാനത്ത് ഒരു ജില്ലയിൽ ഒരു സ്കൂൾ വീതം 14 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

കൂടാതെ, പ്രൈമറി സ്കൂൾ തലം മുതൽ വിദഗ്ധ പരിശീലനം നൽകുന്ന സ്കീം സ്പോർട്സ് കൗൺസിലിൽ നിലവിലുണ്ട്. ആയത് പ്രകാരം കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ശാസ്ത്രീയമായി പരിശീലനം നൽകുന്നതിന് ഡേ ബോർഡിംഗ് സെന്ററുകൾ സംസ്ഥാനത്ത് പലയിടങ്ങളിലായി അനുവദിക്കുന്ന ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് ഒരു ദിവസം 15 രൂപ നിരക്കിൽ ലഘു ഭക്ഷണത്തിനായി തുക നൽകുന്നതിനു പുറമെ, ആവശ്യമായ കായിക ഉപകരണങ്ങളും നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ